| |
|---|
| **പതിമൂന്നാം കേരള നിയമസഭ** |
| **പതിനഞ്ചാം സമ്മേളനം** |

| | |
|---|---|
| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3765** | **17/12/2015 ൽ മറുപടിക്ക്** |

| |
|---|
| **വിജിലൻസ് കേസുകൾ** |

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീ.വി.ചെന്താമരാക്ഷൻ<br>ശ്രീ.കെ.ദാസൻ** | | **ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)** | |
| (എ) | ഖജനാവിന് നഷ്ടം വരുത്തിയിട്ടുള്ളതായും അഴിമതിയും ക്രമക്കേടുകളും നടത്തിയതായും ആരോപിക്കപ്പെട്ടിട്ടുള്ളതായ ഏതെല്ലാം മന്ത്രിമാർക്കെതിരെയുള്ള വിജിലൻസ് കേസുകൾ പ്രാഥമിക അന്വേഷണം നടത്തി തുടരന്വേഷണം ആവശ്യമില്ലെന്ന നിലയിൽ അവസാനിപ്പിക്കുകയുണ്ടായിട്ടുണ്ട് ; | (എ) | ബാർ ലൈസൻസ് ഫീസ് കുറയ്ക്കുന്നതുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പുമന്ത്രി ശ്രീ.ബാബുവിനെതിരായുണ്ടായ ആരോപണത്തിൽ ഒരു പ്രാഥമികാന്വേഷണം നടത്തുകയും, ആരോപണങ്ങൾ തെളിയിക്കുന്നതിന് അടിസ്ഥാനമായ വസ്തുതകൾ ലഭിക്കാത്തതിനാൽ അന്വേഷണം അവസാനിപ്പിക്കുകയുമുണ്ടായി. |
| (ബി) | ഉദ്യോഗസ്ഥർക്കെതിരെ ഉണ്ടായ ഏതെങ്കിലും ആരോപണത്തിന്മേലോ ഹർജിയിലോ വിജിലൻസ് പ്രാഥമികാന്വേഷണം നടത്തി തുടരന്വേഷണം ആവശ്യമില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ? | (ബി) | ഉത്തരം അനുബന്ധമായി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

1. ഇടുക്കി ജില്ലയിലെ കേരള കെട്ടിട നിർമ്മാണ ക്ഷേമനിധി ബോർഡിലെ ഉദ്യോഗസ്ഥർക്കെതിരായ ആരോപണം.
2. മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം വില്ലേജ് ഓഫീസിലെ ക്ലാർക്ക് ശ്രീ.അശോകൻ കൈക്കൂലി വാങ്ങുന്നു എന്ന ആരോപണം.
3. മലപ്പുറം ജില്ലയിലെ തിരൂർ എസ്.എസ്.എം. പോളിടെക്നിക്കിലെ വകുപ്പുതലവൻ ശ്രീ.സുബൈർ.പി.എച്ച് – നെതിരെയുള്ള ആരോപണം.
4. കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർ ശ്രീ.നിബു.ടി.കുര്യൻ കരാർ പണികൾ നടത്തുന്നവരുടെ ബില്ലുകൾ പാസ്സാക്കുന്നതിന് കൈക്കൂലി വാങ്ങുന്നതായ ആരോപണം.
5. കോഴിക്കോട് ജില്ലയിലെ കേരള സംസ്ഥാന ഹൗസിംഗ് ബോർഡ് ഡിവിഷണൽ ഓഫീസിലെ അക്കൗണ്ട്സ് ഓഫീസർ ശ്രീ.വി.പി.സുരേശൻ അനധികൃതമായി കെട്ടിടങ്ങൾ നിർമ്മിക്കുകയും അവിഹിതമായി സ്വത്ത് സമ്പാദിക്കുകയും ചെയ്തുതായ ആരോപണം.
6. കോഴിക്കോട് ജില്ലയിലെ താമരശ്ശേരി ഗ്രാമപഞ്ചായത്തധികൃതർ അനധികൃതമായി കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയതായ ആരോപണം.
7. കോഴിക്കോട് ജില്ലയിലെ താമരശ്ശേരി തഹസീൽദാർ-ക്കെതിരെയുള്ള അഴിമതിയാരോപണം.

8. വയനാട് ജില്ലയിലെ തരിയോട് ഹൈസ്കൂളിലെ സ്വീപ്പർ ശ്രീ.ശിവപ്രകാശ് അനധികൃത സ്വത്ത് സമ്പാദിക്കുന്നുവെന്ന ആരോപണം.

9. വയനാട് റവന്യൂ ഡിവിഷണൽ ഓഫീസർ ശ്രീ.സത്യനെതിരെയുള്ള, ശ്രീ.പരീതുകുട്ടിയുടെ അഴിമതിയാരോപണം.

10. വയനാട് ജില്ലയിലെ ശ്രീ.ജോസ് മോൻ.ജെ., എൻവയോൺമെന്റൽ എഞ്ചിനീയർ- ക്കെതിരെയുള്ള അഴിമതി ആരോപണം.

11. വയനാട് ജില്ലയിലെ കൃഷ്ണഗിരിയിൽ താമസിക്കുന്ന ശ്രീ.സെബാസ്റ്റ്യൻ ജോസഫ്, ശ്രീമതി.ജെസിമോൾ സെബാസ്റ്റ്യൻ എന്നീ കൃഷി ഓഫീസർമാർക്കെതിരെയുള്ള അഴിമതി ആരോപണം.

12. കണ്ണൂർ ജില്ലയിലെ തലശ്ശേരിയിൽ തീരദേശ നിയമം ലംഘിച്ചു കൊണ്ട് നിർമ്മിക്കുന്ന ബഹുനില കെട്ടിടം പൊളിച്ചു മാറ്റുന്നതു സംബന്ധിച്ച ആരോപണം.

13. കണ്ണൂർ വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർക്കെതിരെയുള്ള ആരോപണം.

14. കണ്ണൂർ ജില്ലാ ആശുപത്രിയിലെ ഡോക്ടർമാർക്കെതിരെയുള്ള ആരോപണം.

15. കണ്ണൂർ ജില്ലയിലെ ഹയർസെക്കന്ററി സ്കൂൾ അദ്ധ്യാപകനായ ശ്രീ.പ്രദീപ് പ്രൈവറ്റ് ട്യൂഷൻ എടുക്കുന്നത് സംബന്ധിച്ചുള്ള ആരോപണം.

16. കാസർഗോഡ് കോയിപ്പാടി – കടപ്പുറം റോഡ് ടാറിംഗ് ക്രമക്കേടുകളെ കുറിച്ച് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെയുള്ള ആരോപണം.

17. കണ്ണൂർ ജില്ലയിലെ ഫോറസ്റ്റ് ഉദ്യോഗസ്ഥർ കൈക്കൂലി വാങ്ങുന്നതു സംബനധിച്ചുള്ള ആരോപണം.

18. കാസർഗോഡ് ജില്ലയിലെ വെസ്റ്റ് എളേരി പഞ്ചായത്തിൽ ഷോപ്പിംഗ് കോംപ്ലക്സിൽ കടകൾ ലേലം ചെയ്തതു സംബന്ധിച്ചുള്ള ആരോപണം.

19. കാസർഗോഡ് ജില്ലയിലെ മുക്കാൽ പുത്തൂർ പഞ്ചായത്ത് ഔദ്യോഗിക വാഹനം പഞ്ചായത്ത് പ്രസിഡന്റ് ദുരുപയോഗം ചെയ്തത് സംബന്ധിച്ച ആരോപണം.

20. കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം എം.എൽ.എ.ഫണ്ട് ദുരുപയോഗം ചെയ്യുന്നതു സംബന്ധിച്ചുള്ള ആരോപണം.

21. കാസർഗോഡ് ജില്ലയിലെ ബദിയടുക്ക സബ് രജിസ്ട്രാർ ഓഫീസിലെ ക്രമക്കേടുകളെ കുറിച്ചുള്ള ആരോപണം.

22. കാസർഗോഡ് ജില്ലയിലെ ബദിയടുക്ക പഞ്ചായത്തിലെ റോഡ് നിർമ്മാണത്തിലെ ക്രമക്കേടുകളെ കുറിച്ചുള്ള ആരോപണം.

23. കാസർഗോഡ് ജില്ലയിലെ ചെങ്കള ഗ്രാമപഞ്ചായത്തിൽ മണൽ മാഫിയായെ കുറിച്ചുള്ള ആരോപണം.

24. കാസർഗോഡ് ജില്ലയിലെ വാളിയാർ ക്ഷേത്ര വക സ്വത്ത് കൈയേറിയതു സംബന്ധിച്ചുള്ള ആരോപണം.

25. തിരുവനന്തപുരം ജില്ലയിലെ അരുവിക്കര അസംബ്ലി തെരഞ്ഞെടുപ്പ് സമയത്ത് അരുവിക്കര, കേരള വാട്ടർ അതോറിറ്റിയിൽ സ്ഥലംമാറ്റം നടത്തിയിലെ അഴിമതി സംബന്ധിച്ചുള്ള ആരോപണം.

26. മുൻ മന്ത്രി കെ.എം. മാണിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി ആയ ശ്രീ.ജയചന്ദ്രനെതിരെയുള്ള ആരോപണം.

27. ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ് ഡയറക്ടർ ഡോക്ടർ ബീനത്തിന്റെ അഴിമതി സംബന്ധിച്ച ആരോപണം.

28. എറണാകുളം ജില്ലയിലെ ചേരാനെല്ലൂർ വില്ലേജ് ഓഫീസർ ശ്രീ.എ.വി.ആന്റണി കൈക്കൂലി വാങ്ങിക്കുന്നതായ ആരോപണം.

29. ശ്രീമതി.ഉമാദേവി, അസിസ്റ്റന്റ് കമ്മീഷണർ, സ്പെഷ്യൽ സർക്കിൾ 3, കൊമേഴ്ഷ്യൽ ടാക്സ് ഓഫീസ്, തേവര, എറണാകുളം, ശ്രീ. ജേക്കബ് ജോൺ, ഡെപ്യൂട്ടി കമ്മീഷണർ(അപ്പീൽസ്) എന്നിവർ കൈക്കൂലി വാങ്ങിക്കുന്നതായ ആരോപണം.

30. എറണാകുളം ജില്ലയിലെ പെരുമ്പാവൂർ ഫയർ സ്റ്റേഷനിലെ അസൈനാർ എന്ന ഓഫീസർ ചെക്കിങ്ങിന്റെ പേരിൽ പണം വാങ്ങുന്നതായ ആരോപണം.

31. എറണാകുളം ജില്ലയിലെ മൂത്തകുന്നം വില്ലേജ് ഓഫീസർ ശ്രീമതി. ഷൈല കൃത്രിമ രേഖകൾ ചമച്ച് സ്വത്ത് തട്ടിയെടുക്കാൻ വന്ന ചില വ്യക്തികൾക്ക് കൂട്ടുനിൽക്കാൻ കൈക്കൂലി വാങ്ങിയതായ ആരോപണം.

32. ശ്രീ.എ.കെ.ബാബുരാജ്, ആറ്റുവള്ളിൽ ഹൗസ്, പെരുമ്പടപ്പ് എന്നയാൾ ഫിറ്റ്നെസ് സർട്ടിഫിക്കറ്റിനുവേണ്ടി എറണാകുളം ജില്ലയിലെ മട്ടാഞ്ചേരി, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിൽ ചെന്നപ്പോൾ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ ശ്രീ.മനോജ് കൈക്കൂലി കൊടുക്കാത്തതിനാൽ മോശമായ രീതിയിൽ ഇടപെട്ടു എന്ന ആരോപണം.

33. വിശാല കൊച്ചി വികസന അതോറിറ്റി എഞ്ചിനീയർമാരും, മറ്റ് ഉദ്യോഗസ്ഥരും, ശ്രീ.പി.എം.പൗലോസ് എന്ന കോൺട്രാക്ടറും ചേർന്ന് ഗൂഢാലോചന നടത്തി സർക്കാർ ഫണ്ട് കൊള്ളയടിച്ചതായി ആരോപണം.

34. കോട്ടയം ജില്ലയിലെ റേഷൻ കടക്കാരിൽനിന്നും കോട്ടയം താലൂക്ക് സപ്ലൈ ഓഫീസർ ശ്രീമതി. പി.എൻ.ഇന്ദിരാദേവി നിർബന്ധ പിരിവ് നടത്തുന്നതായ ആരോപണം.

35. എറണാകുളം ജില്ലയിലെ പെരുമ്പാവൂർ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, ശ്രീ.പി.കെ.സുലൈമാൻ കൈക്കൂലി വാങ്ങുന്നതായ ആരോപണം.

36. എറണാകുളം ജില്ലയിലെ ആലുവ, ജോയിന്റ് ആർ.ടി.ഓഫീസിലെ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ ശ്രീ.ഷെഫീക്കിനെതിരെയുള്ള ആരോപണം.

37. ശ്രീ.കെ.ജെ.ബെന്നി, പ്രിവന്റീവ് ഓഫീസർ, എക്സൈസ് റെയിഞ്ച് ഓഫീസ്, എറണാകുളം –നെതിരെ കൈക്കൂലി വാങ്ങുന്നത് സംബന്ധിച്ച ആരോപണം.

38. ശ്രീ.കെ.കെ.ഉണ്ണികൃഷ്ണൻ, ഓവർസീയർ, പൊതുമരാമത്ത് വകുപ്പ്, കൊടുങ്ങല്ലൂർ, തൃശ്ശൂർ അമിത സ്വത്ത് സമ്പാദിക്കുന്നത് സംബന്ധിച്ച ആരോപണം.

39. എറണാകുളം ജില്ലയിലെ കല്ലൂർക്കാട് സർക്കിൾ ഇൻസ്പെക്ടർ ശ്രീ.മാത്യു ജോർജ്ജ് കൈക്കൂലി വാങ്ങുന്നതു സംബന്ധിച്ച ആരോപണം.

40. കൊച്ചി കോർപ്പറേഷൻ മേയർ ശ്രീ.ടോണി ചമ്മണി അമിത സ്വത്ത് സമ്പാദിക്കുന്നതായ ആരോപണം.

41. ശ്രീമതി. നിശാന്തിനി ഐ.പി.എസ്., മുൻ പോലീസ് ഡെപ്യൂട്ടി കമ്മീഷണർ, ലോ ആന്റ് ഓർഡർ, കൊച്ചി സിറ്റി, വ്യാപാരികളിൽനിന്നും പണം പിരിക്കുന്നതായ ആരോപണം.

42. എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്, ആന്റണി തോമസിന്റെ അനധികൃത സ്വത്ത് സമ്പാദനത്തെപ്പറ്റിയുള്ള ആരോപണം.

43. എറണാകുളം ജില്ലയിലെ തൃപ്പൂണിത്തുറ ഹിൽ പാലസ് മ്യൂസിയത്തിൽ 6 കോടി രൂപയുടെ അറ്റകുറ്റ പണികളിൽ ക്രമക്കേടുകൾ നടന്നുവെന്ന ആരോപണം.

44. എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്ക് സപ്ലൈ ഓഫീസർ റേഷൻ വ്യാപാരികളോട് മാസാമാസം 1000/- രൂപയും, മൊത്ത വ്യാപാര ഡിപ്പോയിൽ നിന്നും അരി എടുക്കുന്നവരോട് 300/- രൂപയും കൈക്കൂലിയായി വാങ്ങുന്നതായ ആരോപണം.

45. എറണാകുളം വിജിലൻസ് ഓഫീസിലെ ഉദ്യോഗസ്ഥർക്കെതിരെ റെയിഡ് വിവരങ്ങൾ ചോർത്തി കൊടുക്കുന്നതായും, മന്ത്രിമാരെ പറ്റിയുള്ളതും മറ്റുള്ളതുമായ ആരോപണ വിവരങ്ങൾ പുറത്തു പറയുന്നതായുമുള്ള ആരോപണം.

46. കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, എറണാകുളം, നോർത്ത് പറവൂരിലെ ബസ് കണ്ടക്ടർ അമിത സ്വത്ത് സമ്പാദിക്കുന്നതായ ആരോപണം.

47. എറണാകുളം പള്ളുരുത്തി ജനമൈത്രി പോലീസ് സ്റ്റേഷനിലെ പോലീസ് ഉദ്യോഗസ്ഥരും പോലീസ് സബ് ഇൻസ്പെക്ടർ ശ്രീ.ജോർജ്ജ് സാമുവലും അമിത സ്വത്ത് സമ്പാദിക്കുന്നതായ ആരോപണം.

48. സപ്ലൈകോയിലെ മാനേജിംഗ് ഡയറക്ടർ ശ്രീ.എ.റ്റി.ജെയിംസ് കൈക്കൂലി വാങ്ങിയതായ ആരോപണം.